**ട്രാൻസ്പോർട്ട് കമ്മീഷണറുടെ നടപടി ക്രമം**
**(സാന്നിദ്ധ്യം:- ശ്രീ.M R Ajithkumar Ips)**

വിഷയം:- മോട്ടോർ വാഹന വകുപ്പ് -സേഫ് കേരള പദ്ധതി - സംസ്ഥാനതല നോഡൽ ഓഫിസറെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് - പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 02/03/2019 തിയ്യതിയായുള്ള ഗതാഗതം (സി) വകുപ്പിന്റെ സ. ഉ. (കൈ ) നം . 20/ ഗതാഗതം

2. 20/03/2019 തിയ്യതിയായുള്ള ഗതാഗതം (സി) വകുപ്പിന്റെ സ. ഉ. (സാധാ) നം .115 / 2019/ ഗതാഗതം

**ഉത്തരവ് നമ്പർ. E1/143/2021/TC , തീയതി 27/10/2021**

സേഫ് കേരള പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു സംസ്ഥാന നോഡൽ ഓഫീസറുടെ മേൽനോട്ടം ആവശ്യമായതിനാൽ പരാമർശം-1 ലെ ഉത്തരവ് ഖണ്ഡിക 1 പ്രകാരം ആർ.ടി. ഓ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർ ആയി ജോയിന്റ് ട്രാൻസ്പോർട് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) നിയന്ത്രണത്തിൽ സർക്കാർ നിയമിക്കുകയോ ചാർജ് നൽകുകയോ ചെയ്യുന്നതാണ്. അപ്രകാരം പരാമർശം -2 ലെ ഉത്തരവനുസരിച്ച നിയമിതനായിരുന്ന ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ. ഷിബു.കെ.ഇട്ടി ,31.05.2021 നു സർവീസിൽ നിന്നും വിരമിക്കുകയുണ്ടായി. തുടർന്ന് ഇതിലേക്ക് ആരെയും നിയോഗിച്ചിട്ടില്ലാത്തതാകുന്നു. സേഫ് കേരളയുമായി ബന്ധപ്പെട്ടുള്ള കണ്ട്രോൾ റൂമുകളുടെ പ്രവർത്തനം ആരംഭിക്കുക എന്നത് ബഹു.കേരള മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഇതിന്റെ പ്രവർത്തനം സമയബന്ധിതമായി തീർപ്പാക്കേണ്ടതുണ്ട്. സേഫ് കേരളയുടെ പ്രവർത്തനം ഏകോപിക്കുന്നതിനായി സംസ്ഥാന നോഡൽ ഓഫീസറുടെ സേവനം അനിവാര്യമായതിനാൽ സർക്കാർ അംഗീകാരത്തിന് വിധേയമായി തിരുവനന്തപുരം എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ.ജി.സാജന് സേഫ് കേരള പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫിസറുടെ അധിക ചുമതല നൽകി ഉത്തരവാകുന്നു.

സേഫ് കേരള പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫിസർ എന്ന നിലയിൽ ശ്രീ.ജി.സാജൻ, തിരുവനന്തപുരം എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർക്ക് പ്രത്യേക അലവൻസിനു അർഹത ഉണ്ടായിരിക്കുന്നതല്ല.

Digitally signed by M R AJITHKUMAR IPS
Date:Wed Oct 27 11:04:42 IST 2021
Reason: Approved

M R Ajithkumar Ips
Transport Commissioner

സ്വീകർത്താവ്,

1. ശ്രീ.ജി.സാജൻ, റീജിയണൽ ട്രാൻസ്പോർട് ഓഫീസർ, തിരുവനന്തപുരം (എൻഫോഴ്സ്മെന്റ്)
2. എല്ലാ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
3. എല്ലാ റീജിയണല് ട്രാൻസ്പോർട്ട് ഓഫീസർ/റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ(എൻഫോഴ്സ്മെന്റ്) മാർക്കും
4. എല്ലാ ജോയിന്റ് റീജിയണല് ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

പകർപ്പ്:-

1. ഗതാഗത വകുപ്പ്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ് ,തിരുവനന്തപുരം (ആമുഖ കത്തോട്ടുകൂടി )
2. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ/അഡിഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ
3. ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ്.റ്റി.എ
4. ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെൻറ്)
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. അസിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ
7. എസ് .എസ് (എ –സെക്ഷൻ ) , ജെ എസ് (കെ സെക്ഷൻ)
8. കരുതൽ ഫയൽ